# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4431 25.06.2019 -ൽ മറുപടിക്ക്

## മാതൃഭാഷാ പഠനം നിർബന്ധമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ മന്ത്രി) |

| | | | |
|---|---|---|---|
| എ | പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ | ഉണ്ട്. 2017 ലെ മലയാളഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതിനായി 02.06.2018 ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 14/ 2018/ പൊ.വി.വ പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്ന തിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോ ധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ കഴിഞ്ഞ വർഷം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രതികൂല |

| | | | |
|---|---|---|---|
| | | | കാലാവസ്ഥ , തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ എന്നിവ മൂലം സ്കൂൾ പരിശോധനകൾ ഒരു ജില്ലയിലും പൂർത്തിയായില്ല. ആയതിനാൽ പരിശോധന പൂർത്തിയാക്കാൻ ഡിസംബർ 31 വരെ സമയം അനുവദിക്കുകയും ഈ കാലയളവിൽ കൂടുതൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമായി സ്വീകരിച്ചു വരുന്നു. ഇതര ഭാഷകൾ മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് മാതൃഭാഷയ്ക്ക് ഒപ്പം മലയാളം പഠിക്കുന്നതിന് എസ്.സി.ഇ.ആർ.ടി പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. ഒന്നു മുതൽ മൂന്നു വരെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്. |
| **ബി** | ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങൾ ആകർഷകമാക്കുവാനുള്ള ശ്രമങ്ങൾ വിജയപ്രദമാണോ; വിശദമാക്കുമോ; | **ബി** | ആണ്. ഇംഗ്ലീഷ് ഭാഷാ പഠനം ശക്തിപ്പെടുത്തുന്നതിന് വിവിധ ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എസ്.എസ്.എ വഴി നടത്തുന്ന 'ഹലോ ഇംഗ്ലീഷ്' അവയിൽ എടുത്തു പറയാവുന്ന ഒന്നാണ്. 'റിലീഷ് ഇംഗ്ലീഷ്' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി ഒരു ഗവേഷണ മാതൃകയ്ക്കു രൂപം നൽകിയിട്ടുണ്ട്. |
| **സി** | അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഭാഷാശേഷി ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോ; ഇതിനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്താക്കെയാണെന്ന് വ്യക്തമാക്കുമോ; | **സി** | ഉണ്ട്. മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾക്ക് പ്രത്യേകം ഊന്നൽ നൽകി വരുന്നു. |

| | | | |
|---|---|---|---|
| ഡി | പല സ്കൂളുകളിലും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാ യെന്നത് സ്കൂളുകളിലെ ഇംഗ്ലീഷ് പഠനത്തെ കാര്യമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് ഇക്കാര്യത്തിലുള്ള കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി | 07.01.2002 ലെ ജി.ഒ (എം.എസ്) നം. 11/2002/പൊ.വി.വ ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്ചറൽ സയൻസ്, ഗണിത ശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദി ക്കുന്നത്. ഈ ഉത്തരവിന്റെയും കെ.ഇ.ആർ അധ്യായം XXIII ലെ ചട്ടം 6 (1) ന്റെയും വെളിച്ചത്തിൽ ഇംഗ്ലീഷിനെ കോർ സബ്ജക്റ്റിൽ ഒന്നായി കണ്ടുകൊണ്ടാണ് 2002-03 മുതൽ തസ്തിക നിർണ്ണയം നടത്തി വരുന്നത്. 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങ ളിൽ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങ നെയാകുമ്പോൾ മറ്റു വിഷയങ്ങ ളിൽ ഡിഗ്രിയും ബി.എഡും ഉള്ള അധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ |

| | | | |
|---|---|---|---|
| | | | (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ